ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | പ്രധാനവാർത്തകൾ | **DATE: 25.12.2024**

1. **ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥ ആകാനൊരുങ്ങുന്ന ഇന്ത്യയോടുള്ള ആഗോള താൽപ്പര്യവും ആവേശവും വർദ്ധിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**

2. **സംസ്ഥാനത്ത് പ്രവർത്തനസജ്ജമായ 30 സ്മാർട്ട് അങ്കണവാടികളുടെ ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിക്കും.**

3. **തിരുപ്പിറവി സ്മരണയിൽ ക്രിസ്തുമസ് ആഘോഷിച്ച് ലോകം, പ്രാർത്ഥനകളിലും ആഘോഷങ്ങളിലും പങ്കുചേർന്ന് വിശ്വാസികൾ. പുതുവർഷത്തെ വരവേൽക്കാൻ പുഷ്പമേളയും ദീപാലങ്കാരവുമായി തലസ്ഥാന നഗരി.**

4. **മണ്ഡലപൂജയ്ക്കൊരുങ്ങി ശബരിമല, തങ്ക അങ്കി ചാർത്തി ദീപാരാധന അല്പസമയത്തിനകം.**

5. **ഇന്ത്യാ- ഓസീസ് ബോർഡർ- ഗവാസ്കർ ട്രോഫി നാലാം ടെസ്റ്റ് നാളെ മെൽബണിൽ.**

6. **സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കം.**

❁❁❁❁❁❁❁

RNU TVPM

## പ്രധാനമന്ത്രി -INTRO

ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാകാൻ തയാറെടുക്കുന്ന ഇന്ത്യയോടുള്ള ആഗോള താൽപ്പര്യവും ആവേശവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി . മധ്യപ്രദേശിലെ ഖജുരാഹോയിൽ നിരവധി വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിക്കുകയായിരുന്നു അദ്ദേഹം . രാജ്യത്തിനകത്തും പുറത്തുമുള്ള എല്ലാ വിനോദസഞ്ചാരികൾക്കും ആവശ്യമായ സൗകര്യങ്ങൾ വർധിപ്പിക്കാനും ഇവിടേക്കുള്ള യാത്ര എളുപ്പമാക്കാനും കേന്ദ്ര സർക്കാർ നിരന്തരം ശ്രമങ്ങൾ നടത്തുന്നുണ്ടെന്നും ശ്രീ മോദി പറഞ്ഞു. ടൂറിസം മേഖല യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും രാജ്യത്തിൻ്റെ സമ്പദ്‌വ്യവസ്ഥയിൽ ഗണ്യമായ സംഭാവന നൽകുകയും ചെയ്യുന്നതായും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

(ഹോൾഡ് വോയിസ്)

കെൻ-ബെത്വ നദിയെ ബന്ധിപ്പിക്കുന്ന ദേശീയ പദ്ധതിക്ക് പ്രധാനമന്ത്രി തറക്കല്ലിട്ടു . ദേശീയ വീക്ഷണ പദ്ധതി പ്രകാരം നദികളെ ബന്ധിപ്പിക്കുന്ന രാജ്യത്തെ ആദ്യത്തെ പദ്ധതിയാണ് ഇത്. ഈ പദ്ധതി മധ്യപ്രദേശിലെയും ഉത്തർപ്രദേശിലെയും വിവിധ ജില്ലകളിൽ ലക്ഷക്കണക്കിന് കർഷക കുടുംബങ്ങൾക്ക് ജലസേചന സൗകര്യം ലഭ്യമാക്കും. മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ നൂറാം ജന്മവാർഷികത്തോടനുബന്ധിച്ച് സ്മരണിക സ്റ്റാമ്പും നാണയവും പ്രധാനമന്ത്രി പ്രകാശനം ചെയ്തു . 1153 അടൽ ഗ്രാം സുശാസൻ കെട്ടിടങ്ങളുടെ തറക്കല്ലിടലും അദ്ദേഹം നിർവഹിച്ചു. ഖാണ്ഡവ ജില്ലയിലെ ഓംകാരേശ്വറിൽ സ്ഥാപിച്ച ഓംകാരേശ്വർ ഫ്ലോട്ടിംഗ് സോളാർ പദ്ധതിയും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു .

************************

RNU TVPM

## മുഖ്യമന്ത്രി-കണ്ണൂർ

മുഖ്യമന്ത്രി പിണറായി വിജയൻറെ നിയോജക മണ്ഡലമായ കണ്ണൂർ ധർമ്മടം മണ്ഡലത്തിലെ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറുമാരുടെ യോഗം മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ പിണറായിയിൽ നടന്നു. വിവിധ വികസന പദ്ധതികൾ ചർച്ചചെയ്യു.

***********************

## സ്മാർട്ട് അങ്കണവാടി - മുഖ്യമന്ത്രി

സംസ്ഥാനത്ത് പ്രവർത്തനസജ്ജമായ 30 സ്മാർട്ട് അങ്കണവാടികളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂർ- മട്ടന്നൂരിൽ നാളെ നിർവഹിക്കും. ചടങ്ങിൽ മന്ത്രി വീണാ ജോർജ് അധ്യക്ഷയാകും.

നിർമ്മാണാനുമതി ലഭിച്ച 189 സ്മാർട്ട് അങ്കണവാടികളിൽ 117 എണ്ണമാണ് യാഥാർത്ഥ്യമായത്. ബാക്കിയുള്ളവയുടെ നിർമ്മാണം പുരോഗമിക്കുകയാണ്.

RNU TVPM

***********************

## കാനാമ്പുഴ പുനരുജ്ജീവനപദ്ധതി-INTRO

കണ്ണൂർ നഗരത്തോട് ചേർന്നൊഴുകുന്ന കാനാമ്പുഴയുടെ പുനരുജ്ജീവനപദ്ധതി ഒന്നാം ഘട്ടം ഉദ്ഘാടനം നാളെ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

6 കോടി 40 ലക്ഷം രൂപ ചെലവഴിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.........

(വോയിസ്)

***********************

## വിഴിഞ്ഞം -എം എസ് സി മിഷേല

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് നൂറാമത്തെ കപ്പൽ എത്തി . എം എസ് സി മിഷേല ആണ് ഇന്ന് വിഴിഞ്ഞം തീരത്ത് നങ്കൂരമിട്ടത്. ഉച്ചയ്ക്ക് ഒന്നരയോടെ കപ്പൽ ബർത്തിങ് പൂർത്തിയാക്കി.

***********************

## ക്രിസ്തുമസ്

തിരുപ്പിറവിയുടെ പുണ്യസ്മരണ പുതുക്കി ലോകമെങ്ങും ഇന്ന് ക്രിസ്മസ് ആഘോഷിക്കുന്നു. സംസ്ഥാനത്തെ ക്രൈസ്തവ ദേവാലയങ്ങളിൽ പതിരാ കുർബാനകളിലും തിരുപ്പിറവി ചടങ്ങുകളിലും വിശ്വാസികൾക്കൊപ്പം പ്രമുഖ നേതാക്കളും പങ്കെടുത്തു. തിരുവനന്തപുരം പാളയം പള്ളി, പട്ടം സെൻ്റ് മേരീസ് കത്തീഡ്രൽ, കാക്കനാട് മൗണ്ട് സെൻ്റ് തോമസ് പള്ളി, എറണാകുളം സെന്റ് ഫ്രാൻസിസ് അസ്സീസി ദേവാലയം, കോഴിക്കോട് ദേവമാതാ കത്തീഡ്രൽ തുടങ്ങിയ ദേവാലയങ്ങളിൽ ശുശ്രൂഷകൾക്കു വൈദികശ്രേഷ്ഠർ കാർമികത്വം വഹിച്ചു.

************************

## മെട്രോ സർവ്വീസ്

ക്രിസ്തുമസ്, പുതുവത്സരാഘോഷം കണക്കിലെടുത്ത് കൊച്ചി മെട്രോ ട്രെയിൻ കൂടുതൽ സർവ്വീസുകൾ നടത്തും. ജനുവരി 4 വരെ വൈകുന്നേരങ്ങളിലെ തിരക്കേറിയ സമയത്ത് 10 അധിക സർവീസുകൾ നടത്തുമെന്നാണ് വിവരം. പുതുവത്സരദിനത്തിൽ പുലർച്ചെ വരെ സർവീസുണ്ടാകും.

RNUTVPM

************************

## വസന്തോത്സവം

പുതുവർഷത്തെ വരവേൽക്കാൻ പുഷ്പമേളയുമായി തലസ്ഥാന നഗരി. വസന്തോത്സവം' പുഷ്പമേളയുടെയും ദീപാലങ്കാരത്തിൻറെയും ഉദ്ഘാടനം തിരുവനന്തപുരം കനകക്കുന്നിൽ അല്പസമയത്തിനകം മന്ത്രി പി.എ.മുഹമ്മദ് റിയാസ് നിർവഹിക്കും.

ഔഷധസസ്യ പ്രദർശനം, ജൈവവൈവിധ്യ പ്രദർശനം, ഭക്ഷ്യമേള, വ്യാപാരമേള ഉൾപ്പെടെ വിവിധ കലാപരിപാടികൾ മേളയിൽ ഉൾപ്പെടുന്നു . നടവഴികളും മരങ്ങളും കൊട്ടാരമതിലുകളും ദീപാലങ്കാരത്തിൻറെ ഭാഗമാകും. വിനോദസഞ്ചാര വകുപ്പും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുമായി ചേർന്നാണ് ആഘോഷം സംഘടിപ്പിക്കുന്നത്.

************************

## തങ്കഅങ്കി ചാർത്തി ദീപാരാധന(ഇൻട്രോ)

ഭക്തി സാന്ദ്രമായി ശബരിമല സന്നിധാനം. തങ്ക അങ്കി വഹിച്ചുള്ള ഘോഷയാത്ര അല്പം മുൻപാണ് സന്നിധാനത്തെത്തിയത്.. അയ്യപ്പ വിഗ്രഹത്തിൽ തങ്കഅങ്കി ചാർത്തിയുള്ള ദീപാരാധനയിൽ സന്നിധാനം ഭക്തി സാന്ദ്രമായി. മണ്ഡലപൂജ നാളെ ഉച്ചയ്ക്ക് നടക്കും. വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാപ്രതിനിധി ശ്രീജി എസ് ശ്രീധർ.......

(വോയിസ്)

****************************

## ക്രിക്കറ്റ്

ബോർഡർ- ഗവാസ്കർ ട്രോഫിയിൽ ഇന്ത്യാ-ഓസ്ട്രേലിയ നാലാം ടെസ്റ്റിന് നാളെ മെൽബണിൽ തുടക്കമാവും. ഇന്ത്യൻ സമയം പുലർച്ചെ 5 മണിക്കാണ് മത്സരം . അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇരു ടീമുകളും ഓരോ മത്സരം വീതം ജയിച്ചു.

****************************

## സന്തോഷ് ട്രോഫി

78-ാമത് സന്തോഷ് ട്രോഫി ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കമാകും. നാളെ ഒഡീഷ പശ്ചിമ ബംഗാളിനെയും , ഡൽഹി മണിപ്പൂരിനെയും നേരിടും . മറ്റന്നാൾ കേരളം - ജമ്മു കശ്മീരിനെയും, സർവീസസ് മേഘാലയയെയും നേരിടും.

****************************

## മുനമ്പം

മുനമ്പം വിഷയത്തിൽ ശാശ്വത പരിഹാരം വേണമെന്നും തങ്ങളുടെ ഭൂമിയിലെ റവന്യൂ അവകാശം പുനസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് മുനമ്പത്ത് സമരത്തിൽ പങ്കെടുക്കുന്നവർ ഇന്ന് നിരാഹാരം അനുഷ്ഠിച്ചു. പ്രതിഷേധം കൂടുതൽ ശക്തിപ്പെടുത്തുമെന്നും വിഷയത്തിൽ പരിഹാരം കാണും വരെ സമരവുമായി മുന്നോട്ടു

RNU TVPM

പോകുമെന്നും അവർ പറഞ്ഞു. അതിനിടെ, പ്രതിപക്ഷ നേതാവ് വി ഡി സതീശനും മറ്റ് യുഡിഎഫ് നേതാക്കളും സമരത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ സന്ദർശിച്ചു.

***********************

## സൈബർ തട്ടിപ്പ് - അറസ്റ്റ്

സൈബർ തട്ടിപ്പുകളിലെ പ്രധാനിയെ കൊച്ചി സിറ്റി സൈബർ പോലീസ് അറസ്റ്റ് ചെയ്തു .കൊൽക്കത്ത സ്വദേശി ലിങ്കൺ ബിശ്വാസാണ് അറസ്റ്റിലായത്. ഡിജിറ്റൽ അറസ്റ്റ് ഭീഷണിയിലൂടെ കൊച്ചി കാക്കനാട് സ്വദേശിനിയിൽ നിന്നും നാലു കോടി രൂപ തട്ടിയ കേസിലാണ് അറസ്റ്റ്. കൊൽക്കത്ത പോലീസിന്റെ സഹായത്തോടെ ബംഗ്ലാദേശ് അതിർത്തിയായ കൃഷ്ണഗഞ്ചിൽ നിന്നാണ് ഇയാളെ പിടികൂടിയത്. പ്രതിക്ക് കംബോഡിയൻ തട്ടിപ്പ് സംഘങ്ങളുമായി നേരിട്ട് ബന്ധമുണ്ടെന്നും കോടിക്കണക്കിനു രൂപയാണ് ഇയാൾ തട്ടിയെടുത്തിട്ടുള്ളതെന്നും അന്വേഷണ സംഘം കണ്ടെത്തിയിട്ടുണ്ട്.

RNU TVPM

***********************

## അഞ്ചുതെങ്ങ

തിരുവനന്തപുരത്ത് അഞ്ചുതെങ്ങ് കടലിൽ കുളിക്കാനിറങ്ങിയ യുവാവിനെ തിരയിൽപ്പെട്ട് കാണാതായി .കടയ്ക്കാവൂർ സ്വദേശി അരുണിനെ ആണ് കാണാതായത്. കോസ്റ്റൽ പോലീസിന്റെ നേതൃത്വത്തിൽ അരുണിനായി തിരച്ചിൽ നടത്തുകയാണ്.

അതേ സമയം മര്യനാട് കടലിൽ കുളിക്കാനിറങ്ങി കാണാതായ വിദ്യാർത്ഥിയുടെ മൃതദേഹം കണ്ടെത്തി.

മര്യനാട് ജോഷ്വ ആണ് മരിച്ചത്. മൃതദേഹം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി.

***********************

## വാജ്പേയി - സദ്ഭരണം

സദ്ഭരണ ദിനത്തിൽ മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര

മോദി തുടങ്ങിയവർ ഡൽഹിയിലെ സദൈവ് അടൽ സ്മാരകത്തിൽ പുഷ്പാർച്ചന നടത്തി.
1924 ഡിസംബർ 25 ന് ഗ്വാളിയോറിൽ ജനിച്ച വാജ്പേയി നേതാവ് എന്നതിലുപരി വാഗ്മി, എഴുത്തുകാരൻ, കവി, സാമൂഹിക പ്രവർത്തകൻ, പത്രപ്രവർത്തകൻ എന്നിങ്ങനെ ബഹുമുഖ പ്രതിഭയായിരുന്നു. മൂന്ന് തവണ പ്രധാനമന്ത്രിയായ വാജ്പേയിയുടെ സാമ്പത്തിക നയങ്ങൾ, അടിസ്ഥാന സൗകര്യ പദ്ധതികൾ, ദേശീയ- ഗ്രാമീണ മേഖലയിലെ റോഡുകളുടെ വികസനം എന്നിവ പ്രധാന നേട്ടങ്ങളാണ്.

***********************

## വി.മുരളീധരൻ

സദ്ഭരണത്തിൽ നരേന്ദ്രമോദി സർക്കാരിന് വഴികാട്ടിയായത് എ.ബി വാജ്പേയിയുടെ ശൈലിയാണെന്ന് മുൻ കേന്ദ്രസഹമന്ത്രി വി.മുരളീധരൻ. ബിജെപി തിരുവനന്തപുരം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച അടൽജി ജന്മശതാബ്ദി ആഘോഷം പ്രസ് ക്ലബിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനപക്ഷ വികസനമായിരുന്നു അദ്ദേഹത്തിൻറെ നയമെന്ന് ശ്രീ മുരളീധരൻ അനുസ്മരിച്ചു.

RNUTVPM

*

**************

**************************************